"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള നോളജ് ഇക്കോണമി മിഷൻ (KKEM) പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും ഫലപ്രദവുമാക്കാനുള്ള കർമ്മപരിപാടി - വിജ്ഞാന കേരളം പദ്ധതിയുടെ പ്രവർത്തന രൂപ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(കൈ) നം.179/2024/LSGD തീയതി,തിരുവനന്തപുരം, 19-12-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.11/2021/PLG&EA (DVPMT & INNOVATION); തീയതി 26.11.2021
2. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
4. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
5. സ.ഉ.(കൈ) നം.3/2023/തസ്വഭവ; തീയതി 04.01.2023
6. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 07.09.2024-ന് ചേർന്ന ഓൺലൈൻ യോഗത്തിന്റെ നടപടികുറിപ്പ്.
7. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 19.09.2024-ന് ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.

**<u>ഉത്തരവ്</u>**

കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ-ഡിസ്കിന് കീഴിൽ കേരള നോളജ് ഇക്കോണമി മിഷൻ (കെ.കെ.ഇ.എം) എന്ന പരിപാടി, 2021 മുതൽ കേരള ഡെവലപ്മെന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൌൺസിൽ (കെ-ഡിസ്ക്) മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്. കെ.കെ.ഇ.എം-ന്റെ നിർവഹണ പരിപാടി പ്രവർത്തന രൂപ രേഖയ്ക്ക് പരാമർശം 1 പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

2. പൊതുജന പങ്കാളിത്തത്തോടെയും സന്നദ്ധ പ്രവർത്തനത്തിലൂടെയും ജനകീയാസൂത്രണ മാതൃകയിൽ നോളജ് ഇക്കോണമി മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും ചിട്ടപ്പെടുത്തുവാനുമുള്ള ശ്രമങ്ങളുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ 'വിജ്ഞാന പത്തനംതിട്ട' എന്ന പേരിൽ ഒരു പരീക്ഷണ പദ്ധതി കെ-ഡിസ്ക് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വിജയകരമായിരുന്നുവെന്ന് സർക്കാർ വിലയിരുത്തുന്നു. കേരള നോളജ് ഇക്കോണമി മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും ഫലപ്രദവുമാക്കാനുള്ള കർമ്മപരിപാടി ആസൂത്രണം ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പരാമർശം 6 പ്രകാരം ഓൺലൈൻ യോഗം ചേരുകയും, പ്രസ്തുത പദ്ധതി മറ്റ് ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കുന്നതിനും

ജനകീയമാക്കുന്നതിനും തീരുമാനം കൈക്കൊള്ളുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം 7 പ്രകാരം നടന്ന യോഗത്തിൽ കെ.കെ.ഇ.എം പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും ഫലപ്രദവുമാക്കാനുള്ള കർമ്മപരിപാടി (വിജ്ഞാന കേരളം) യുമായി ബന്ധപ്പെട്ട വിശദമായ പ്രവർത്തന രൂപരേഖ തയ്യാറാക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

3. വിജ്ഞാന കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കെ.കെ.ഇ.എം ഡയറക്ടർ സമർപ്പിച്ച പ്രവർത്തന രൂപ സർക്കാർ വിശദമായി പരിശോധിച്ചു. കേരള നോളജ് ഇക്കോണമി മിഷൻ (കെ.കെ.ഇ.എം) പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും ഫലപ്രദവുമാക്കാനുള്ള 'വിജ്ഞാന കേരളം' കർമ്മപരിപാടിയുടെ, അനുബന്ധമായി ചേർത്തിരിക്കുന്ന പ്രവർത്തന രൂപരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കെ-ഡിസ്ക്
8. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാകളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. ധനകാര്യ വകുപ്പ്

26\. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 19-12-2024 10:45:57

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**അനുബന്ധം**

# വിജ്ഞാന കേരളം ജനകീയകാമ്പയിൻ

## I

## ആമുഖം

1.1 കേരള വികസനത്തിന്റെ അടുത്ത ഘട്ടമാണ് വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനം. സമ്പദ്ഘടനയുടെ സാങ്കേതികാടിത്തറയിലെ സമൂലമായ നവീകരണവും വിജ്ഞാനസാന്ദ്രമായ വ്യവസായങ്ങളിലും സേവനങ്ങളിലുമുള്ള ഊന്നലുമാണ് ഈ ഘട്ടത്തിന്റെ പ്രത്യേകത. ഇതിനായി കേരള സർക്കാർ പ്രധാനപ്പെട്ട മൂന്ന് മുൻകൈകൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ പശ്ചാത്തല പിന്നോക്കാവസ്ഥ ദൂരീകരിക്കുന്നതിനുള്ള കിഫ്ബി നിക്ഷേപമാണ് ആദ്യത്തേത്. വിജ്ഞാനോല്പാദനത്തിലും നൂതനവിദ്യകളിലും ഊന്നിക്കൊണ്ടുള്ള ഉന്നതവിദ്യാഭ്യാസ മേഖലയുടെ പുനസംഘടനയാണ് രണ്ടാമത്തേത്. മൂന്നാമത്തേത് കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ ഏറ്റെടുത്തിട്ടുള്ള പുത്തനാശയ രൂപീകരണത്തിലധിഷ്ഠിതമായ സമഗ്ര വികസനവും, വിദ്യാർത്ഥികളുടെയും ഉദ്യോഗാർത്ഥികളുടെയും നൈപുണി വികസിപ്പിച്ച് തൊഴിൽ ലഭ്യമാക്കുന്നതുമാണ്. നൈപുണിയിലൂന്നിയ തൊഴിൽ പദ്ധതിയാണ് കേരള നോളഡ്ജ് ഇക്കോണമി മിഷൻ.

1.2 ഈ ബൃഹത്തായ പരിപാടിയെ വിജ്ഞാന കേരളം എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. അതത് ജില്ലകളുടെ പേരിൽ വിജ്ഞാന വിശേഷണം ചേർത്ത് (വിജ്ഞാന പത്തനംതിട്ട, വിജ്ഞാന ആലപ്പുഴ എന്നിങ്ങനെ) സമഗ്ര പ്രൊജക്ടുകൾ ആവിഷ്കരിക്കുകയുമാകാം.

1.3 വിജ്ഞാന കേരളത്തിന് രണ്ട് ട്രാക്കുകളുണ്ടാകും. ഒന്ന്, തൊഴിലന്വേഷകരെ മൊബിലൈസ് ചെയ്യലും തൊഴിൽമേളകളുടെ നടത്തിപ്പും. അടുത്ത വർഷം അവസാനത്തോടെ 3–5 ലക്ഷം പേർക്ക് തൊഴിൽ നൽകുകയാണ് ലക്ഷ്യം. രണ്ട്, തൊഴിലുകളോട് ബന്ധപ്പെടുത്തിക്കൊണ്ടുള്ള നൈപുണി വികസനമാണ് രണ്ടാമത്തേത്. അടുത്ത വർഷം രണ്ടുലക്ഷം കോളേജ്, പോളിടെക്നിക്, ഐടിഐ വിദ്യാർത്ഥികൾക്ക് കരിക്കുലത്തിനു പുറമേ തൊഴിലിലേക്ക് നയിക്കുന്ന നൈപുണി പരിശീലനം നൽകുകയാണ് ലക്ഷ്യം. ആർ.റ്റി.ഡി, ഇന്റേൺഷിപ്പ്, അപ്രന്റിസ്ഷിപ്പ് പ്രോഗ്രാമുകൾ ഇതുമായി സംയോജിപ്പിക്കും.

1.4 ഈ രണ്ട് കടമകൾക്കും പൊതുമേൽനോട്ടം നൽകാൻ ജില്ലയിലെ ചാർജ്ജുള്ള മന്ത്രിയുടെ അധ്യക്ഷതയിൽ എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റും മറ്റ ഭാരവാഹികളും, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, നഗരസഭാ അധ്യക്ഷന്മാർ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ ചുമതലക്കാർ, ജില്ലാ കളക്ടർ, തദ്ദേശഭരണ ജോയിന്റ് ഡയറക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ (പി എം യു) ഡിസ്ട്രിക്ട് മിഷൻ കോർഡിനേറ്ററും (ഡി എം സി) മറ്റ പ്രധാനപ്പെട്ട അംഗങ്ങളും, യുവജനക്ഷേമ ബോർഡ് പ്രതിനിധി, അസാപ്പ്/കേസ്/പ്രൊഫഷണൽ കമ്മ്യൂണിറ്റി മെൻഡർമാർ എന്നിവരുടെ പ്രതിനിധികളും അടങ്ങുന്ന ജില്ലാ വിജ്ഞാന കൗൺസിലുകൾ രൂപീകരിക്കും.

1.5 ആദ്യത്തെ ട്രാക്ക് പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭകൾ എന്നിവരുടെ ജോയിന്റ് പ്രൊജക്ട് ആയിരിക്കും. ഇതിന് ജോയിന്റ് നടത്തിപ്പ് കമ്മിറ്റിയും ഉണ്ടാകും. കെകെഇഎം രൂപം നൽകുന്ന പിഎംയു ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കും. ബ്ലോക്ക്-മുനിസിപ്പൽ-കോർപ്പറേഷൻ തലങ്ങളിലെ ജോബ് സ്റ്റേഷനുകളാണ് അതതു പ്രദേശത്തെ മൊബിലൈസേഷൻ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുക. അതതു മണ്ഡലത്തിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് എംഎൽഎമാർക്ക് മുൻകൈയെടുക്കാം. ഇതിനു സഹായകരമായി എല്ലാ മണ്ഡലത്തിലും ഒരു കോർഡിനേറ്റർ ഉണ്ടായിരിക്കും. കോർഡിനേറ്റർമാർ പിഎംയുവിന്റെ ഭാഗമായിരിക്കും.

1.6 രണ്ടാമത്തെ ട്രാക്കായ നൈപുണി വികസന പ്രവർത്തനങ്ങൾ നേരിട്ട് പിഎംയുവിന്റെ കീഴിലായിരിക്കും. ഇതിനായി എല്ലാ മണ്ഡലങ്ങളിലും എംഎൽഎമാർ ചെയർമാനായി ജില്ലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളുടെയും പ്ലെയ്സ്മെന്റ് ഓഫീസർമാരുടെയും എൻഎസ്എസ് ചാർജ്ജ് ഓഫീസർമാരുടെയും പ്രതിനിധികളുമടങ്ങുന്ന ജില്ലാതല സമിതി ഉണ്ടാകും. കോർഡിനേറ്റർമാരും ആ മേഖലയിലെ കീ റിസോഴ്സ് പേഴ്സണമാരും (കെ ആർ പി ) അംഗങ്ങളായിരിക്കും. കേന്ദ്ര പി.എസ്.യു, എം.എസ്.എം.ഇ, അസോസിയേഷനുകൾ, ഇൻഡസ്ട്രി പാർക്കുകളിലെ സംഘടനാ പ്രതിനിധികൾ എന്നിവരും ഈ സമിതിയിൽ ഉണ്ടാകും.

## II

## ഉദ്യോഗാർത്ഥികളുടെ മൊബിലൈസേഷനും തൊഴിൽമേളകളും

2.1 ഈ കാമ്പയിൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രൊജക്ടാണ്. പ്രൊജക്ടിലെ ഘടന പ്രകാരം ജനപ്രതിനിധികളുടെയും പൗരപ്രമുഖരുടെയും സഹായ കമ്മിറ്റികൾക്ക് രൂപം നൽകാവുന്നതാണ്.

2.2 പിഎംയുവിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥരാണ് ഉണ്ടാവുക.

1) കെകെഇഎം നിയോഗിക്കുന്ന ഡിഎംസി
2) കെകെഇഎം നിയോഗിക്കുന്ന മറ്റ് അനുബന്ധ ഉദ്യോഗസ്ഥർ
3) ഡെപ്യൂട്ടി ഡയറക്ടർ, എൽഎസ്ജിഡി / അല്ലെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥൻ
4) ജില്ലാ ഫെസിലിറ്റേറ്റർ, കില
5) ആർജിഎസ്എ ജില്ലാ കോർഡിനേറ്റർ
6) ഡിഎംസി, കുടുംബശ്രീ
7) ടാലന്റ് ക്യൂറേഷൻ എക്സിക്യൂട്ടീവ്, കെകെഇഎം
8) ജില്ലാ പ്രോഗ്രാം മാനേജർ, കെകെഇഎം, കുടുംബശ്രീ
9) ജില്ലാ പ്രോഗ്രാം മാനേജർ, ഡിഡിയുജികെവൈ, കുടുംബശ്രീ
10) കെകെഇഎം നിയോഗിക്കുന്ന കോർഡിനേറ്റർമാർ (ഇവർ ഓരോ മണ്ഡലത്തിലെയും ജോബ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കും)
11) മുഴുവൻ സമയം പ്രവർത്തിക്കാൻ തയ്യാറുള്ള ഏതാനും കീറിസോഴ്സ് പേഴ്സൺമാരും പ്രൊഫഷൽ കമ്മ്യൂണിറ്റി മെന്റർമാരും
12) പി എം യു വിൽ നൈപുണ്യവികസന ഡിമാൻഡ് സൈഡ് മാനേജ്മെന്റ്, പ്ലാറ്റ്ഫോം എന്നിവയ്ക്ക് പ്രത്യേക ചുമതലക്കാരുണ്ടാവും.
13) ആവശ്യമെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ പിന്നീട് കൂട്ടിചേർക്കാവുന്നതാണ്.

2.3 പിഎംയുവിന്റെ കീഴിൽ എല്ലാ ബ്ലോക്കിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജോബ് സ്റ്റേഷനുകൾ ഉണ്ടാകും. വലിയ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കുടുംബശ്രീ സിഡിഎസുകളുടെ അതിർത്തിയുടെ അടിസ്ഥാനത്തിൽ ഒന്നിലേറെ ജോബ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.

2.4 ബ്ലോക്ക് ജോബ് സ്റ്റേഷനുകളിലെ അംഗങ്ങൾ താഴെപ്പറയുന്നവർ ആയിരിക്കും.

1) സീനിയർ എക്സ്റ്റൻഷൻ ഓഫീസർ / ജോയിന്റ് ബിഡിഒ / ജൂനിയർ സൂപ്രണ്ട്
2) തീമാറ്റിക് എക്സ്പേർട്ട്, കില
3) ആർജിഎസ്എ കോർഡിനേറ്റർ, കില
4) ബ്ലോക്ക് കോർഡിനേറ്റർ, കില

5) ബ്ലോക്ക് കോർഡിനേറ്റർ, ഡിഡിയുജികെവൈ, കുടുംബശ്രീ

6) കോർഡിനേറ്റർ, യുവജനക്ഷേമ ബോർഡ്

7) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഇന്റേൺസ് / റിസോഴ്സ് പേഴ്സൺസിനെ ആവശ്യമെങ്കിൽ ഉൾക്കൊള്ളിക്കാവുന്നതാണ്.

8) ആവശ്യമെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ പിന്നീട് കൂട്ടിച്ചേർക്കാവുന്നതാണ്.

2.5 നഗരസഭകളിലെ ജോബ് സ്റ്റേഷൻ അംഗങ്ങൾ

1) NULM, സിറ്റി മിഷൻ മാനേജർ, കുടുംബശ്രീ,
2) പ്ലാൻ ഗൈഡ്ലൈൻസ് പ്രകാരം നിയമിക്കാവുന്ന പെയ്ഡ് റിസോഴ്സ് പേഴ്സൺമാർ
3) ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ,
4) മുനിസിപ്പൽ/നഗരസഭ ജീവനക്കാർ
5) മറ്റ് ഇന്റേണുകൾ
6) യുവജനക്ഷേമ ബോർഡ് പ്രതിനിധി
7) തെരഞ്ഞെടുത്ത സന്നദ്ധ പ്രവർത്തകർ
8) നഗരസഭ നിയോഗിക്കുന്ന ഓഫീസർ (കൺവീനർ)
9) ആവശ്യമെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ പിന്നീട് കൂട്ടിച്ചേർക്കാവുന്നതാണ്.

2.6 ജോബ് സ്റ്റേഷനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന നാല് വിഭാഗങ്ങളുണ്ടാകും.

1) കമ്മ്യൂണിറ്റി അംബാസിഡർമാർ
2) ജില്ലാ തലത്തിൽ പരിശീലനം കിട്ടിയ ജില്ലാ റിസോഴ്സ് പേഴ്സൺമാർ
3) സാക്ഷരതാ പ്രേരക് മാർ
4) പരിശീലനം ലഭിച്ച പ്രദേശത്തെ സന്നദ്ധപ്രവർത്തകർ.(ലോക്കൽ റിസോഴ്സ് പേഴ്സൺമാർ)
5) ആവശ്യമെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ പിന്നീട് കൂട്ടിച്ചേർക്കാവുന്നതാണ്.

2.7 എല്ലാ ഗ്രാമപഞ്ചായത്തുകളിലും ലോക്കൽ ഫെസിലിറ്റേഷൻ സെന്ററുകൾ ഉണ്ടായിരിക്കുന്നതാണ്. കമ്മ്യൂണിറ്റി അംബാസിഡറോ പഞ്ചായത്ത് തീരുമാനിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കൺവീനർ. സാക്ഷരതാ പ്രേരക്മാരും ലോക്കൽ റിസോഴ്സ് പേഴ്സൺമാരും ഈ ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുക. ഇവർക്കുള്ള പരിശീലനം ബ്ലോക്ക് തലത്തിൽ നൽകും.

2.8 എല്ലാ ജോബ് സ്റ്റേഷനിലെയും കൺവീനർമാർ പ്രവർത്തനങ്ങൾ ആഴ്ചതോറും പിഎംയുവിന് ഔപചാരികമായി റിപ്പോർട്ട് ചെയ്യണം. പിഎംയു ഡിഎംസി ഇവ ക്രോഡീകരിച്ച് കെകെഇഎം ഹെഡ്ക്വാർട്ടേഴ്സിൽ എത്തിക്കേണ്ടതാണ്.

2.9 കീ റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം സംസ്ഥാനതലത്തിൽ മൂന്ന് ദിവസം നടന്നു. ആവശ്യമെങ്കിൽ പുതിയ കീ റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി പരിശീലനം നൽകും.

2.10 ജില്ലയിലെ ആർപിമാരുടെ (ഡിആർപി) പരിശീലനം പിഎംയു ആണ് സംഘടിപ്പിക്കുക. ഇതിനുള്ള ചുമതല കെ ആർപിമാർക്ക് ആയിരിക്കും (ഒരു പഞ്ചായത്തിൽ നിന്ന് ഒരാൾ. നഗരസഭകളിൽനിന്ന് ഒന്നിലേറെയാകാം. ഇതിനു പുറമേ പിഎംയു നിശ്ചയിക്കുന്നവരെയും ഡിആർപി പരിശീലനത്തിൽ പങ്കെടുപ്പിക്കാം).

2.11 ലോക്കൽ റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം ജോബ് സ്റ്റേഷനുകളാണ് സംഘടിപ്പിക്കുക. ഒരു വാർഡിൽ നിന്ന് രണ്ടാളുകളെയെങ്കിലും വീതം സന്നദ്ധപ്രവർത്തകരെ കണ്ടെത്തണം.

2.12 പരിശീലനത്തിന്റെ മൊത്തം ചുമതല കിലയ്ക്ക് ആയിരിക്കും. ഒറ്റപരിശീലനംകൊണ്ട് ഈ പ്രക്രിയ പൂർത്തിയാകില്ല. കാമ്പയിന്റെ ഓരോ ഘട്ടം കഴിയുമ്പോഴും എല്ലാ തലത്തിലും അത് അവലോകനം ചെയ്ത് പുനപരിശീലനം നൽകി പോകണം.

2.13 ഈ കാമ്പയിനിലെ വിവിധ ഘട്ടങ്ങൾ ഇപ്രകാരമായിരിക്കും:

a) നിലവിൽ ഡിഡബ്ല്യുഎംഎസ്-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ ഉദ്യോഗാർത്ഥികളെയും ബന്ധപ്പെട്ട് യഥാർത്ഥ തൊഴിലന്വേഷകരുടെ ലിസ്റ്റ് പഞ്ചായത്ത്/നഗരസഭാ അടിസ്ഥാനത്തിൽ തയ്യാറാക്കുക.

b) ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പുതിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി രജിസ്റ്റർ ചെയ്യിക്കുക.

c) ഇവരുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രത്യേക യോഗങ്ങൾ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/നഗരസഭാ അടിസ്ഥാനത്തിൽ ചേർന്ന് തൊഴിലുകളെ പരിചയപ്പെടുത്തുക. വിവിധ തൊഴിൽമേളകളിലെ ഉദ്യോഗങ്ങൾക്കുവേണ്ടി അപേക്ഷിപ്പിക്കുക.

d) ഇങ്ങനെ അപേക്ഷ നൽകിയവർക്ക് ആത്മവിശ്വാസം നൽകാനുള്ള കൗൺസിലിംഗ് നൽകുക. മോക്ക് ഇന്റർവ്യൂസ് നടത്തുക. ക്യാപ്സ്യൂൾ കോഴ്സുകൾ നടത്തുക. സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിക്കുന്നതിനായി ഷോർട്ട് ടേം കോഴ്സുകൾ നടത്തുക.

e) പിഎംയു ആയിരിക്കും തൊഴിൽമേള സംഘടിപ്പിക്കുക.

f) തൊഴിൽമേളയിലെ ജോലി കിട്ടാത്ത ഉദ്യോഗാർത്ഥികളെക്കുറിച്ച് ഇന്റർവ്യൂ ബോർഡ് നൽകുന്ന കമന്റുകളുടെ അടിസ്ഥാനത്തിൽ പുനപരിശീലനം നൽകി വീണ്ടും തൊഴിൽമേളയിൽ പങ്കെടുപ്പിക്കുക.

g) ലിങ്ക്ഡ് ഇൻ, ഫൗണ്ട്-ഇറ്റ് മേൽത്തരം ജോലികൾക്ക് റെസ്യൂം തയ്യാറാക്കി അപേക്ഷിക്കുന്ന പ്രവർത്തനങ്ങൾകൂടി ഏറ്റെടുക്കുക.

h) തൊഴിൽ ലഭിച്ചവരെയും തൊഴിലിന് അർഹരായവരുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരെയും പ്രാദേശികമായ ചടങ്ങുകളിൽ അനുമോദിക്കുകയും അവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുക.

i) കെ കെ ഇ എമ്മിന്റെ നേതൃത്വത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരെ ലക്ഷ്യമിട്ട് നടപ്പിലാക്കി കൊണ്ടിരിക്കുന്ന തൊഴിൽ തീരം , പ്രൈഡ്, ഒപ്പറ, ഉന്നതി, സമഗ്ര എന്നീ പരിപാടികൾ അതത് വകുപ്പുകളുടെ പങ്കാളിത്തത്തോടെ വിജ്ഞാന കേരളവുമായി ഏകോപിപ്പിക്കും.

2.14 ഈ പരമ്പരയിലെ ആദ്യത്തെ മെഗാ തൊഴിൽമേള ഫെബ്രുവരി 1-ന് ആലപ്പുഴയിൽ ആയിരിക്കും. ഇതിൽ 20,000 പേരെ പങ്കെടുപ്പിക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനം നടത്തും. ഈ അനുഭവംകൂടി കണക്കിലെടുത്തുകൊണ്ട് തുടർന്നുള്ള മാസങ്ങളിൽ സംസ്ഥാനാടിസ്ഥാനത്തിൽ മറ്റു ജില്ലകളിലും മാസത്തിൽ രണ്ട് വീതം തൊഴിൽമേളകൾ സംഘടിപ്പിക്കും. ഈ തൊഴിൽമേളകളിൽ അഭ്യസ്തവിദ്യർക്കുള്ള പ്രാദേശിക തൊഴിലവസരങ്ങൾകൂടി ഉൾപ്പെടുത്താവുന്നതാണ്.

2.15 തൊഴിൽമേളയ്ക്ക് പുറത്ത് ഡിഡബ്ല്യുഎംഎസ് ഡാറ്റാ ബെയ്സിൽ തൊഴിലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രത്യേകമായ കലണ്ടർ തയ്യാറാക്കി മിനി ജോബ് ഫെയറുകളും നടത്താവുന്നതാണ്.

III

## നൈപുണി വികസന പരിപാടി

3.1 ഉദ്യോഗാർത്ഥികളുടെ മൊബിലൈസേഷനും തൊഴിൽമേളകളേക്കാളും വിജ്ഞാന കേരളത്തിന്റെ മുഖമുദ്രയാകാൻ പോകുന്നത് അതിവിപുലമായ നൈപുണി വികസന പരിപാടിയാണ്. സംസ്ഥാനത്തെ മഹാഭൂരിപക്ഷം യുവതി-യുവാക്കൾ കോളേജ്, ഐടിഐ, പോളിടെക്നിക് എന്നീ സ്ഥാപനങ്ങളിൽ പഠിക്കാൻ പോകുന്നതുകൊണ്ട് ഈ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള നൈപുണി പരിശീലനമായിരിക്കും അഭികാമ്യം. എന്നാൽ ഇതിനകം പഠിച്ചു പാസ്സായി പുറത്തുപോയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നൈപുണി പരിശീലനവും നടത്താവുന്നതാണ്.

3.2 മുകളിൽ പറഞ്ഞ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അവസാന വർഷ വിദ്യാർത്ഥികളെയാണ് നൈപുണി പരിശീലന പരിപാടിയിൽ മുഖ്യമായി ലക്ഷ്യമിടുന്നത്. വിവിധയിനം കോഴ്സുകളുടെ മെനു ഉണ്ടാകണം. കുട്ടികൾക്ക് തെരഞ്ഞെടുക്കാനാകണം. തൊഴിലുകളുടെ ആവശ്യമനുസരിച്ച് രൂപം നൽകുന്ന പരമാവധി മൂന്ന് മാസം ദൈർഘ്യമുള്ള ടാലന്റ് ആക്സിലറേഷൻ പരിപാടികൾക്കാകും മുൻഗണന.

a) കെ-ഡിസ്കിൽ ഇപ്പോൾ തന്നെ ലഭ്യമായ കോഴ്സേറ, ഫൗണ്ടിറ്റ്, ലിങ്ക്ഡ് ഇൻ തുടങ്ങിയവയുടെ കോഴ്സുകളുടെ സഞ്ചയം.

b) ഡൊമൈൻ ബെയ്സ്ഡ് കോഴ്സുകൾക്കു പുറമേ ഭാഷാ നൈപുണിയിലും മറ്റും സോഫ്റ്റ് കോഴ്സുകൾ.

c) തൊഴിൽദാതാക്കളുടെ ആവശ്യങ്ങളുമായി ബന്ധപ്പെടുത്തി പുതിയ കോഴ്സുകൾ.

d) ഫ്രീലാൻസ് തൊഴിലുകളിൽ തയ്യാറാകുന്നവർക്കുവേണ്ടി ഡിജിറ്റൽ നൈപുണി വർദ്ധനയിലൂന്നിയുള്ള പ്രത്യേക പരിശീലന പരിപാടികൾ.

e) കേന്ദ്ര സർക്കാരിന്റെ ഇന്റേൺഷിപ്പ് സ്കീമുകൾ, അപ്രന്റിസ്ഷിപ്പ് പ്രോഗ്രാമുകൾ.

f) തൊഴിലന്വേഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഇന്റർവ്യൂകളിൽ മികച്ച പ്രകടനം നടത്താൻ തയ്യാറാക്കുന്നതിനുമായി പ്രത്യേക പരിശീലന പരിപാടി.

3.3 മേൽപ്പറഞ്ഞ കോഴ്സുകളെല്ലാം ഓൺലൈനായുള്ള പരിശീലനത്തെയാണ് ആശ്രയിക്കുന്നത്. അതോടൊപ്പം കുട്ടികൾക്ക് നേരിട്ടുള്ള സംശയദൂരീകരണ ക്ലാസുകളും മെന്ററിംഗും അനിവാര്യമാണ്. ഇതിന് അതിവിപുലമായ പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റേഴ്സിന്റെ ഒരു സേനയുണ്ടാകണം. 10,000 സന്നദ്ധ പ്രൊഫഷണലുകളെ കണ്ടെത്താനാകണം.

a) മുകളിൽ പറഞ്ഞ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോൾ പഠിപ്പിക്കുന്നവർ.

b) റിട്ടയർ ചെയ്ത അധ്യാപകരും വിദഗ്ധരും.

c) ഓരോ സ്ഥാപനങ്ങളുടെയും പൂർവ്വവിദ്യാർത്ഥികൾ ഇന്ന് മറ്റു സംസ്ഥാനങ്ങളിലോ വിദേശത്തോ പഠിപ്പിക്കുന്നവരോ, വിദഗ്ധ തൊഴിലുകളിലോ ഏർപ്പെട്ടിരിക്കുന്നവരായ പ്രൊഫഷണലുകൾ.

3.4 ഈ അനുഭവം ഉൾക്കൊണ്ടുകൊണ്ട് ഫെബ്രുവരി മാസത്തിൽ വിപുലമായ നൈപുണി പരിശീലന കാമ്പയിൻ ആരംഭിക്കും. ഇതിനു തുടക്കംകുറിച്ചുകൊണ്ട് ഹൈബ്രിഡ് മോഡലിൽ കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പ്രൊഫഷണൽ സംഘടനകളെയും ബന്ധപ്പെടുത്തിക്കൊണ്ട് ഒരു കോൺക്ലേവ് സംഘടിപ്പിക്കും. ഓൺലൈനായും ഇതിൽ പങ്കെടുക്കാമെന്നുള്ളതുകൊണ്ട് വിദേശത്തുള്ള പ്രൊഫഷണലുകളെ രജിസ്റ്റർ ചെയ്യിക്കുന്നതിനും പങ്കെടുപ്പിക്കുന്നതിനും ഇപ്പോഴേ പ്രവർത്തനങ്ങൾ ആരംഭിക്കണം. നീണ്ട പ്രസംഗങ്ങൾക്കു പകരം ലഘുസംവാദങ്ങളും അഭിമുഖങ്ങളും 10 മിനിറ്റ്

അവതരണങ്ങളുമെല്ലാം അടങ്ങുന്ന ഒരു നൂതന നൈപുണി വികസന സമ്മേളനമായിരിക്കും ഇത്. നൈപുണി പരിശീലന പരിപാടിയുടെ ഔപചാരികമായ ലോഞ്ച് ഇതിൽവച്ചാണ് നടത്തുക.

3.5 ഈ അക്കാദമിക് വർഷത്തിൽ തുടക്കംകുറിക്കുന്ന നൈപുണി പരിശീലന പരിപാടിയിൽ 25,000 പേരെ പങ്കെടുപ്പിക്കാനായാൽ അടുത്ത ആഗസ്റ്റ്-സെപ്തംബർ ആകുമ്പോഴേക്കും ഇവരെ തൊഴിൽ അഭിമുഖങ്ങളിലേക്ക് എത്തിക്കാൻ കഴിയും. തുടർന്നുള്ള കാമ്പയിനിൽ രജിസ്റ്റർ ചെയ്യുന്ന ഒരുലക്ഷം വിദ്യാർത്ഥികളെ 2025 അവസാനം ആകുമ്പോഴേക്കെങ്കിലും തൊഴിൽ അഭിമുഖങ്ങളിൽ എത്തിക്കാൻ ലക്ഷ്യമിടണം.

## IV

## തൊഴിൽ ദായക സംവിധാനവും പ്ലാറ്റ്ഫോമും

4.1 കമ്മ്യൂണിറ്റി സംവിധാനം ഏകോപിപ്പിക്കാൻ കഴിയുന്നവിധത്തിൽ പ്ലാറ്റ്ഫോമിൽ മാറ്റങ്ങൾ വരുത്തണം. ഫ്രീലാൻസ് അവസരങ്ങളും ആർ.റ്റി.ഡി അവസരങ്ങളും കൊണ്ടുവരാൻ ശ്രമങ്ങൾ നടത്തണം. റോഡ്-ഷോകൾ നടത്തി കൂടുതൽ ജോലികൾ കൊണ്ടുവരണം. ഇതിനായി ഒഡേപക്, കേസ്, കുടുംബശ്രീ, നോർക്ക, ഐസിടി, സിഐഐ അസാപ്പ്,എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് എന്നിവരുടെ ഏകോപിത സംവിധാനം ഉണ്ടാകണം. എൻ.എസ്.ഡി.സി, ആർ.റ്റി.ഡി പ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസികൾ മറ്റു സ്റ്റാഫിംഗ് കമ്പനികളെ അണിനിരത്തണം.

4.2 എഐ ഉപയോഗിച്ച് റെസ്യും നന്നാക്കുവാനും സ്കിൽ ഗ്യാപ്പ് നിർദ്ദേശിക്കുവാനും സൗകര്യങ്ങൾ ഉണ്ടാകണം. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് ഈ സൗകര്യങ്ങൾ സൗജന്യമായി നൽകണം. മറ്റുള്ളവരിൽ നിന്ന് ഫീസ് ഈടാക്കേണ്ടതുമാണ്. അതനുസരിച്ച് പ്ലാറ്റ്ഫോമിൽ പേയ്മെന്റ് സംവിധാനം ഉണ്ടാവണം. ടി.എസ്.ആർ ഏജൻസികളെ ഒരുമിപ്പിച്ച് സ്കോളർഷിപ്പുകൾ ചാനലൈസ് ചെയ്യണം. ഗ്രീവൻസ് ഹാൻഡിലിംഗ് ഹെൽപ്പ് ഡെസ്ക് ഏകോപിപ്പിക്കുന്ന കാൾസെന്റർ ഉണ്ടാകണം. കൗൺസിലിംഗ്, റോബോട്ടിക്ക് ഇന്റർവ്യൂ എന്നിവ പെയ്ഡ് സർവ്വീസ് ആക്കണം.

4.3 ജില്ലാ പി എം യുവിന് കീഴിലുള്ള സംവിധാനം, കെ കെ ഇ എം ഡയറക്ടറുടെ ഹെഡ്ക്വാർട്ടേഴ്സിലുള്ള ടീമുമായി ഏകോപിപ്പിച്ചു പ്രവർത്തിക്കേണ്ടതുണ്ട്. മാസാമാസമുള്ള പ്രവർത്തി പരിപാടികളുടെ കലണ്ടർ, പ്രവർത്തന പുരോഗതി റിപ്പോർട്ട് എന്നിവ സംബന്ധിച്ച് ആനുകാലിക റിപ്പേർട്ട് നൽകുകയും ജില്ലാതല പ്രവർത്തനങ്ങളെ സംസ്ഥാന തല സംവിധാനവുമായി ഏകോപിപ്പിക്കുകയും വേണം, ഡി എം സി മാർ കെ കെ ഇ എം ഡയറക്ടർക്കായിരിക്കും റിപ്പോർട്ട് ചെയ്യുക.

## V

## പ്രചാരണം

5.1 പത്രങ്ങളുടെയും ചാനലുകളുടെയും മേധാവികളുടെ സംസ്ഥാനതല കോൺഫറൻസ് വേണം. ഇതിനു പുറമേ പ്രാദേശിക ചാനലുകളുടെ പൂർണ്ണ പിന്തുണ നേടാൻ മുൻകൈയെടുക്കണം.

5.2 സോഷ്യൽ മീഡിയയാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇൻഫ്ലുവൻസർമാരുടെ പ്രത്യേക യോഗങ്ങൾ നടത്തണം. വിജ്ഞാന കേരളത്തെ പിന്തുണയ്ക്കാൻ ഒരു പ്രത്യേക ശൃംഖലയുണ്ടാക്കണം. കുടുംബശ്രീ വാട്സാപ്പ് ഗ്രൂപ്പുകളെയും ജനപ്രതിനിധികളുടെ വാട്സാപ്പ് ഗ്രൂപ്പുകളെയും ഉപയോഗപ്പെടുത്തണം.

5.3 ഈ പ്രവർത്തനങ്ങളിലൂടെ തൊഴിൽ ലഭിച്ചവരുടെ അനുഭവസാക്ഷ്യങ്ങൾ വീഡിയോയിൽ പകർത്തി വിവിധ വിഭാഗങ്ങൾക്കിടയിൽ പ്രചാരണത്തിന് ഉപയോഗിക്കണം.

## VI

## അടിയന്തര പ്രവർത്തനങ്ങൾ

6.1 മേൽപ്പറഞ്ഞ പരിപാടി ആവിഷ്കരിക്കുന്നതിന് അടിയന്തരമായി എല്ലാ ജില്ലകളിലും എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് ഭാരവാഹികൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, നഗരസഭാ അധ്യക്ഷന്മാർ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ ചുമതലക്കാർ, ജില്ലാ കളക്ടർ, തദ്ദേശഭരണ ജോയിന്റ് ഡയറക്ടർ, മറ്റു പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിക്കണം. യോഗത്തിൽ അഡ്വൈസറും ഡയറക്ടറും പങ്കെടുക്കണം. യോഗങ്ങളുടെ കലണ്ടർ അനുബന്ധമായി ചേർക്കുന്നു.

6.2 ഇതേ യോഗം നടക്കുന്ന ദിവസം തന്നെ സമാന്തരമായി ജോബ് സ്റ്റേഷനുകളിലെ അംഗങ്ങളുടെ (പോയിന്റ് 2.4-ൽ സൂചിപ്പിക്കുന്നവർ) ഒരു ദിവസ പരിശീലനം നടക്കും. രാവിലെ ഡിഡബ്ല്യുഎംഎസ്-നെക്കുറിച്ച് വിശദമായി പഠിപ്പിക്കും. പ്രായോഗിക പരിശീലനവും ഉണ്ടാകണം. തൊഴിലുകളുടെ സ്വഭാവത്തെക്കുറിച്ചും അവതരണം ഉണ്ടാകണം. ഉച്ചയ്ക്കുശേഷം അഡ്വൈസറും ഡയറക്ടറും വർക്ക്ഷോപ്പിൽ പങ്കെടുക്കും.

6.3 ഇതിനുശേഷമാണ് ജില്ലയിലെ ഡിആർപിമാരുടെ പരിശീലനം ആരംഭിക്കുക. എല്ലാ പഞ്ചായത്തുകളിൽ നിന്നും ഒരാൾ വീതമാണ് ജില്ലാ പരിശീലനത്തിൽ വരിക. ഇതിനുപുറമേ കിലയും പിഎംയുവും കണ്ടെത്തുന്ന ഏതാനും പേരെക്കൂടി പരിശീലനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

6.4 ജില്ലയിലെ മൊബിലൈസേഷനുമായി ബന്ധപ്പെടുത്തിക്കൊണ്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും അരദിവസ ഓറിയന്റേഷൻ സംഘടിപ്പിക്കാവുന്നതാണ്.

6.5 കമ്മ്യൂണിറ്റി അംബാസിഡർമാർ, സാക്ഷരതാ പ്രേരക്മാർ എന്നിവരുടെ ഏകദിന പരിശീലനം ജില്ലയിൽ നടക്കും. ഡിആർപിമാരുടെ പരിശീലനത്തിനു ശേഷമായിരിക്കും ഇത്.

6.6 പ്രൊഫണൽ കമ്മ്യൂണിറ്റി മെന്റർമാരുടെ പരിശീലനം ഓൺലൈനായിട്ടായിരിക്കും. എന്നാൽ ജില്ലയിലും മണ്ഡലാടിസ്ഥാനത്തിലും ഇവരുടെ കൂടിച്ചേരലുകൾ അനിവാര്യമാണ്. ഐടി പ്രവർത്തകരുടെ സംഘടനകൾ, ഡിഎകെഎഫ്, ശാസ്ത്രസംഘടനകൾ, പ്രൊഫഷണൽ സംഘടനകൾ എന്നിവരോടെല്ലാം അടിയന്തരമായി ചർച്ചകൾ നടത്തേണ്ടതുണ്ട്.

6.7 വിജ്ഞാന കേരളം നൈപുണി പരിശീലന പരിപാടിയുടെ പൈലറ്റ് ഘട്ടം ജനുവരി മാസത്തിൽ ആരംഭിക്കണം. ഫെബ്രുവരി മാസത്തിൽ അന്തർദേശീയ കോൺക്ലേവ് സംഘടിപ്പിക്കാം.

6.8 ഈ കാമ്പയിൻ പരിപാടി സംഘടിപ്പിക്കുന്നതിന് ജില്ലയിലെ പ്രാദേശിക സാഹചര്യങ്ങൾ കണക്കിലെടുത്ത് കെകെഇഎം-ന്റെ അനുവാദത്തോടെ മാറ്റങ്ങൾ വരുത്താവുന്നതാണ്. ഓരോ ജില്ലയ്ക്കും പരമാവധി പ്രവർത്തന സ്വാതന്ത്ര്യം നൽകുന്ന രീതിയിലായിരിക്കും സംഘാടനം. ജില്ലകളും പ്രദേശങ്ങളും തമ്മിൽ ഒരു മത്സരാന്തരീക്ഷം സൃഷ്ടിച്ചാൽ മാത്രമേ പദ്ധതി വിജയിക്കൂ. അഥവാ ഇതൊരു ഡിമാന്റ് ഡ്രിവൺ പരിപാടി ആയിരിക്കും.